ഭരണഭാഷ — മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

0471 2561307

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം- സാങ്കേതികം- ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം- കേരള പി.എസ്.സി ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികളെ AICTE 7th CPC Pay Scale Entry Level 9A Rs. 56100 (15600-39100 AGP 5400 PR) ശമ്പള നിരക്കിൽ സർക്കാർ പോളിടെക്നിക് കോളേജുകളിൽ മെക്കാനിക്കൽ എൻജിനീയറിങ് ലക്ചറർ തസ്തികയിൽ താത്കാലികമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (സി) വിഭാഗം**

**നം. EC2/22750/21/DTE** **തിരുവനന്തപുരം, തീയതി: 27-06-2026**

---

വായന:-

1. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 09.06.2026 ലെ RIC-1/23/2024-KPSC നമ്പർ നിയമന ശിപാർശ.
2. 05.03.1974-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.49/74/പിഡി
3. 05/11/2024 ലെ സ.ഉ. (അച്ചടി) നം. 77/2024/ആഭ്യന്തരം.
4. 15.02.1991-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.7/91/പി&എആർഡി
5. 06.06.2011-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.15/2011/പി&എആർഡി
6. 30.06.2011-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.20/2011/പി&എആർഡി
7. 07.01.2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.20/2013/ഫിൻ
8. 03.04.2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.149/2013/ഫിൻ
9. 15.11.2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.171/2016/ഫിൻ
10. 08.11.2010-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി) നം.366/2010/ഉ.വി.വ
11. 20.02.2014-ലെ സർക്കാർ ഉത്തരവ് നമ്പർ ജി ഓ (എം എസ്) 75/2014/ഫിൻ
12. 10.02.2021-ലെ സർക്കാർ ഉത്തരവ് നമ്പർ ജി ഓ (പി ) 27/2021/ഫിൻ
13. 05.11.2024 ലെ ജി. ഒ (പി ) നം. 77/2024/Home
14. 28-02-2026 ലെ സ. ഉ (കൈ ) നം. 150/2026/HEDN.

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിവിധ സർക്കാർ പോളിടെക്നിക് കോളേജുകളിലെ മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗം ലക്ചറർ തസ്തികയിലേക്ക് AICTE 7th CPC Pay Scale Entry Level 9A Rs. 56100 (15600-39100 AGP 5400 PR) രൂപ ശമ്പള നിരക്കിൽ നിയമനത്തിനായി പരാമർശം (1) ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ നിയമന ശുപാർശ നൽകിയിരിക്കുന്ന താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ്

സർവീസ് റൂൾസ്, റൂൾ 3(C), റൂൾ 9 (a) (i) എന്നിവയ്ക്ക് വിധേയമായി താൽക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് തുടർന്നുള്ള പരിശോധനയിൽ ബോധ്യപ്പെടുന്ന മുറയ്ക്ക് മാത്രമേ ഉദ്യോഗാർത്ഥി ക്രമവൽകൃത നിയമനത്തിന് അർഹത നേടുകയുള്ളൂ.

ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽവിലാസവും | നിയമനം ലഭിച്ചിരിക്കുന്ന സ്ഥാപനം | Turn |
|---|---|---|---|
| 1. | **RAMEESRAJA V S**<br>VARIKKOTTIL HOUSE<br>THALAKODE THALAKODE P O<br>ERNAKULAM-686693 | **GOVERNMENT POLYTECHNIC COLLEGE, MUTTOM** | OC Turn |
| 2. | **NASID K**<br>KALATHIL, THAZHEKODE<br>MALAPPURAM 679341<br><br>Communication Address<br>KALATHIL HOUSE<br>THAZHEKODE WEST PO<br>MALAPPURAM 679341 | **MAHARAJA'S TECHNOLOGICAL INSTITUTE, THRISSUR** | BC turn |

1. ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം, വായന (2) ലെ സർക്കാർ ഉത്തരവ് പ്രകാരം യാതൊരു അറിയിപ്പും കൂടാതെ ഈ നിയമനം റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

2. ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, ജാതി/സമുദായം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപന മേധാവികൾ മുൻപാകെ **01.07.2026 തീയതി മുതൽ** കർത്തവ്യ നിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്. കൂടാതെ, കേരള സർവീസ് ചട്ടം ഭാഗം 1 ചട്ടം 13-ൽ നിർബ്ബന്ധിച്ച രീതിയിൽ അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥി തന്റെ ഫോട്ടോയും വിരലടയാളവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പും കൂടാതെ ഈ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

3. ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം ടിയാളെ നിയമന ശുപാർശ ചെയ്ത കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ ടിയാൾക്ക് പുനർ നിയമനത്തിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതും അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നതുവരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിടുതൽ ചെയ്യപ്പെട്ടത് ആ തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതുമാണ്.

4. സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനന തീയതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5. സ്ഥാപന മേധാവി, ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസയോഗ്യത, ജനന തീയതി, ജാതി/സമുദായം, ഫോട്ടോ, ഒപ്പ് എന്നിവ ഈ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരള പബ്ലിക് സർവീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പുമായി ഒത്തുനോക്കി ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച വിവരം സ്ഥാപന മേധാവി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

6. ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി

ഉദ്യോഗാർത്ഥിയിൽ നിന്നും വായന (3) ലെ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വഭാവവും പൂർവ്വചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപത്ര ഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതും ആയത് ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

7. ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥി ഹാജരാക്കുന്ന അസ്സൽ നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് (ബാധകമാകുന്ന നിയമനങ്ങളിൽ മാത്രം) പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത്, കേരള പി.എസ്.സിയിൽ നിന്നും ലഭിച്ചിട്ടുള്ള അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സ്ഥാപന മേധാവി മുൻപാകെ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നതല്ല. സ്ഥാപന മേധാവികൾ ഇത്തരത്തിൽ ഉദ്യോഗാർത്ഥി ഹാജരാക്കുന്ന വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ഫോട്ടോയും ഒപ്പം പരിശോധിച്ച് ശരിയെന്ന് ബോധ്യപ്പെട്ടതായി സാക്ഷ്യപ്പെടുത്തേണ്ടതും, ആയവ പേഴ്സണൽ മെമ്മോറാണ്ടം, പി എസ് സി പരിശോധനയ്ക്കുള്ള സ്റ്റേറ്റ്മെന്റ് എന്നീ രേഖകളോടൊപ്പം ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.

9. വായന (7) & (8) എന്നീ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 01.04.2013 ന ശേഷം നിയമിതരാകുന്ന ഉദ്യോഗാർത്ഥികളുടെ നിയമനം ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായിരിക്കും.

10. സർക്കാർ വായന (7,8,9) ഉത്തരവുകൾ പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി (NPS) നിലവിൽ വന്ന തീയതിക്ക് ശേഷം സർവീസിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും പ്രസ്തുത പെൻഷൻ പദ്ധതി ബാധകമായിരിക്കുന്നതാണ്. ആയതിനാൽ നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ച ഉടൻ തന്നെ നാഷണൽ പെൻഷൻ സിസ്റ്റത്തിൽ (NPS) രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ അതാത് സ്ഥാപന മേധാവികൾ മുഖേന സമർപ്പിക്കേണ്ടതാണ്.

11. താൽക്കാലികമായി നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് വായന (10) ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ശമ്പളത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

12. മേൽ ഉദ്യോഗാർത്ഥികളുടെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് (One Time Verification Certificate), പി.എസ്.സി അഡ്വൈസ് ലിസ്റ്റ് (PSC Advice List) എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

13. വായന (9) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ടിയാളുടെ പേരിലുള്ള സ്ഥാവര-ജംഗമ വസ്തുക്കളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് സേവനപുസ്തകത്തിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

Digitally signed by
ANI ABRAHAM
Date: 27-06-2026
14:17:09

ANI ABRAHAM
SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. RAMEESRAJA V S, VARIKKOTTIL HOUSE, THALAKODE, THALAKODE P O, ERNAKULAM, 686693
2. NASID K, KALATHIL HOUSE, THAZHEKODE WEST P O, MALAPPURAM, 679341
3. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, മുട്ടം. (നിയമന ശുപാർശയുടെ പകർപ്പ്, അസ്സൽ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സഹിതം).
4. പ്രിൻസിപ്പാൾ, മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ. (നിയമന ശുപാർശയുടെ പകർപ്പ്, അസ്സൽ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സഹിതം).
5. ഇ - ഓഫീസ് സ്റ്റോക്ക് ഫയൽ